**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6106** — **09-07-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി വകുപ്പിലെ താൽക്കാലിക/കരാർ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഏതെല്ലാം തസ്തികകളിലാണ് അപ്രകാരം നിയമനം നടത്തിയിട്ടുള്ളത്; മേൽപ്പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2024 മെയ് മാസം അനുവദിച്ച ആകെ തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും നടത്തിയ താൽക്കാലിക/കരാർ നിയമനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്</u><br><br>13 താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്. നിലവിൽ താൽക്കാലിക അടിസ്ഥാനത്തിൽ 2 പേർ ജോലി ചെയ്യുന്നു. സ്കിൽഡ് അസിസ്റ്റന്റ് , ക്ലാർക്ക് തസ്തികകളിലേക്കാണ് ഇപ്രകാരം നിയമനം നടത്തിയത്.<br><br><u>എനർജി മാനേജ്മെന്റ് സെന്റർ</u><br><br>എനർജി മാനേജ്മെന്റ് സെന്ററിലെ ക്യാഷ്യർ കം അക്കൗണ്ടന്റിന്റെ മരണത്തെ തുടർന്ന് പരേതയുടെ മകന് മാനുഷിക പരിഗണന വച്ച് താൽക്കാലിക അടിസ്ഥാനത്തിൽ 01.11.2022 മുതൽ 2023 ജൂൺ മാസം വരെ മാത്രമാണ് അറ്റൻഡന്റ് ആയിട്ട് ജോലി നൽകിയിരുന്നത്. ആയതിനാൽ 2024 മെയ് മാസം വേതനമോ മറ്റ് ആനുകൂല്യങ്ങളോ നൽകിയിട്ടില്ല.<br><br><u>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്</u><br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം താൽക്കാലിക / കരാർ നിയമനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ അടിയന്തിര സാഹചര്യത്തിൽ ചില പ്രവൃത്തികൾ വർക്ക് |

കോൺട്രാക്ട് അടിസ്ഥാനത്തിൽ നടത്തി വരാറുണ്ട്.

കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ച്ചർ ഫിനാൻസ് കോർപ്പറേഷൻ

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കമ്പനിയിൽ 7 താൽക്കാലിക / കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്. ചീഫ് ഫിനാൻഷ്യൽ ഓഫീസർ, കമ്പനി സെക്രട്ടറി, പേഴ്സണൽ അസിസ്റ്റന്റ്, പ്യൂൺ, സ്വീപ്പർ, അക്കൗണ്ട്സ് അസിസ്റ്റന്റ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിലാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്.

അനർട്ട്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി വകുപ്പിന്റെ കീഴിലുള്ള അനെർട്ടിൽ താല്ക്കാലിക/ കരാർ അടിസ്ഥാനത്തിൽ നടത്തിയ നിയമനങ്ങൾ ഇപ്രകാരമാണ് . സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന ടെക്നിക്കൽ അസിസ്റ്റൻറ്, അസിസ്റ്റന്റ് പ്രോജക്ട് എഞ്ചിനീയർ, അസിസ്റ്റൻറ് അക്കൗണ്ട്സ് ഓഫീസർ എന്നീ തസ്തികകളിൽ 29 നിയമനങ്ങളും, വിവിധ തസ്തികകളിലായി എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന 16 നിയമനങ്ങളും നടത്തിയിട്ടുണ്ട്. കുടുംബശ്രീ മുഖേന കരാർ അടിസ്ഥാനത്തിൽ ആറ് മാസത്തേക്ക് വീതമായി അനെർട്ട്-ന്റെ കേന്ദ്രകാര്യാലയത്തിലും ജില്ലാ കാര്യാലയങ്ങളിലുമായി 20 casual sweepers -നെ നിയോഗിച്ചിട്ടുണ്ട്. കുടുംബശ്രീ മുഖേന മൂന്നു മാസത്തേക്ക് ദിവസവേതനാടിസ്ഥാനത്തിൽ രണ്ട് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയോഗിച്ചിരുന്നു . അനെർട്ടിന്റെ ഇ - മൊബിലിറ്റി സെക്ഷനിൽ ദിവസവേതനാടിസ്ഥാനത്തിൽ മൂന്നു മാസത്തേക്ക് ഒരു സിവിൽ എഞ്ചിനീയർ -നെ നിയോഗിച്ചിട്ടുണ്ട് .

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി കേരള സംസ്ഥാന വൈദ്യുത റെഗുലേറ്ററി കമ്മീഷനിൽ 14 ജീവനക്കാരെ വിവിധ

| | | | |
|---|---|---|---|
| | | | തസ്തികകളിൽ നിയമിച്ചിട്ടുണ്ട്. ഇവർ കൺസൾട്ടന്റ് ആയും, കംപ്ലയൻസ് എക്സാമിനറായും, ജൂനിയർ കൺസൾട്ടന്റായും KSERC (Appointment of Consultants) Regulations 2015 പ്രകാരം 13 പേരെയും, ഒര കോൺഫിഡൻഷ്യൽ അസിസ്റ്റന്റിനെ കരാർ അടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട്.<br><br>വൈദ്യുതി വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽ 63,070/- രൂപയും കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ച്ചർ ഫിനാൻസ് കോർപ്പറേഷനിൽ 2,27,875/- രൂപയും അനർട്ടിൽ 11,63,719/- രൂപയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ 7,40,173/- രൂപയും ആകെ 21,94,837/- രൂപ (ഇരുപത്തി ഒന്ന് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി എണ്ണൂറ്റി മുപ്പത്തി ഏ രൂപ മാത്രം) വേതനവും മറ്റ് ആനുകൂല്യങ്ങൾക്കുമായി 2024 മെയ് മാസം അനുവദിച്ചിട്ടുണ്ട്. |
| (ബി) | അതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണ്; മറ്റ് നിയമനങ്ങൾക്കായി അവലംബിച്ച മാർഗ്ഗം ഏതാണ്; ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയത്; വിശദാംശം നൽകാമോ? | (ബി) | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽ 13 ഉം അനർട്ടിൽ 16 ഉം ആകെ 29 നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയിട്ടുണ്ട്.<br><br>കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ച്ചർ ഫിനാൻസ് കോർപ്പറേഷനിലെ നിയമനങ്ങൾ ഡയറക്ടർ ബോർഡ് തീരുമാന പ്രകാരമാണ് നടത്തിയത്. അനർട്ടിൽ മറ്റ് നിയമനങ്ങൾ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേനയും, കാഷ്വൽ സ്വീപ്പേഴ്സിനെ കുടുംബശ്രീ മുഖേനയും, ക്ലീനിംഗ്, സെക്യൂരിറ്റി ജീവനക്കാരെ സ്വകാര്യ ഏജൻസികൾ മുഖേനയും നടത്തി. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മിഷനിൽ KSERC (Appointment of Consultants) Regulations 2015 അനുശാസിക്കുന്ന പ്രകാരമുള്ള സെലക്ഷൻ കമ്മിറ്റിയാണ് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയത്. |

സെക്ഷൻ ഓഫീസർ